നടപടി ക്രമം

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി ,എൻ .സി ,സി ഡയറക്ടറേറ്റ്**
**(കേരളവും ലക്ഷദീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം**
**(ഹാജർ : മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ )**

**എൻ .സി. സി ജീവനക്കാര്യം : കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ചൗക്കിദാർ ശ്രീ സജി. റ്റി.എൻ ന് ഓഫീസ് അറ്റൻഡന്റ് ആയി തസ്തികമാറ്റം നൽകി കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

നമ്പർ.4368/എ3-എസ്റ്റാ/2020/എൻ.സി.സി തിരുവനന്തപുരം തീയതി:04 ഒക്ടോബർ 2021

സൂചന : (1) ജി.ഒ (പി) നമ്പർ 305/84/ജി.എ.ഡി തീയതി 31.08.1984.

(2) ജി.ഒ (കൈ) നമ്പർ 1/2018/ഉ.ഭ.പ.വ തീയതി 27 ജനുവരി 2018.

(3) ശ്രീ സജി റ്റി.എൻ ന്റെ 12-08-2020 ലെ അപേക്ഷ.

(4) ഈ ഡയറക്ടറേറ്റിലെ 29-09-2020 ലെ 4368/എ3-എസ്റ്റാ/2020/ എൻ.സി.സി നം കത്ത്.

(5) ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിന്റെ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 395/2021/ഉ.വി.വ, തീയതി 24-09-2021.

**ഉത്തരവ്**

1. കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ 27.01.2017 മുതൽ ചൗക്കിദാർ ഗ്രേഡ്-II ആയി സേവനമനുഷ്ടിക്കുന്ന ശ്രീ സജി. റ്റി.എൻ കണ്ണൂർ ജില്ലയിലെ 32 കേരള ബറ്റാലിയൻ എൻ.സി.സിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് തസ്തികമാറ്റം വഴി തന്നെ പരിഗണിക്കണമെന്ന് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ടിയാന്റെ 5 വർഷ DRB Service പൂർത്തിയാകാത്ത സാഹചര്യത്തിൽ, നിബന്ധനയിൽ ഇളവു വരുത്തി കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റവും, ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് തസ്തികമാറ്റവും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സൂചന (4) പ്രകാരം ടിയാളുടെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

3. ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് സൂചന (5) ലെ ഉത്തരവ് പ്രകാരം, ടിയാളെ കണ്ണൂർ ജില്ലയിലെ 32 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി, കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17 ഉപചട്ടം (ഡി) യ്ക്കു കീഴിലെ കുറിപ്പ്-3 ലെ 5 വർഷ നിബന്ധനയിൽ ഇളവു വരുത്തി, കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ, ടിയാളെ കണ്ണൂർ ജില്ലയിലെ 32 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി നിയമിക്കുന്നതിനുള്ള നടപടികൾ എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

4. സൂചന (5) ലെ സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീ സജി. റ്റി.എൻ, ചൗക്കിദാർ ഗ്രേഡ്-II -നെ കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും കണ്ണൂർ ജില്ലയിലെ 32 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിലേക്ക് ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II എന്ന തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

5. ശ്രീ സജി. റ്റി.എൻ എന്നയാളുടെ തസ്തിക മാറ്റം അന്തർജില്ലാ സ്ഥലം മാറ്റത്തോട് കൂടിയുള്ളതായതിനാൽ ടി വ്യക്തിയുടെ സീനിയോറിറ്റി 02.12.1991-ലെ സ.ഉ (പി) നമ്പർ 36/91 P&AR ഉത്തരവിലെ വ്യവസ്ഥ പ്രകാരം സ്ഥലമാറ്റം ലഭിച്ച ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പുനഃ ക്രമീകരിക്കുന്നതാണ്.

6. മേൽ വിവരിച്ച തസ്തിക മാറ്റം മുഖേന ചൗക്കിദാർ ഗ്രേഡ്-II എന്ന തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് പി.എസ്.സി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിലെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നികത്തേണ്ടതാണ്. കൂടാതെ ചൗക്കിദാറിന്റെ അഭാവത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി റൊട്ടേഷൻ മുഖേന ചെയ്യേണ്ടതാണ് എന്നും അറിയിക്കുന്നു. തസ്തിക മാറ്റവും സ്ഥലം മാറ്റവും സംബന്ധിച്ച വിശദാംശങ്ങൾ മേൽ വിവരിച്ച വ്യക്തിയുടെ സർവ്വീസ് ബുക്കിൽ മേലധികാരി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

ഒപ്പ്/ -xxx

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി**

പകർപ്പ്:

1. എല്ലാ ഓഫീസുകൾക്കും വ്യക്തിക്കും വെബ്സൈറ്റ് മുഖേന
2. ഇന്റേർണൽ : എ -2 /എ -6/ഐ.റ്റി സെൽ/സ്റ്റോക്ക് ഫയൽ/ഫയൽ/സർക്കുലേഷൻ

ഉത്തരവിൻ പ്രകാരം

ASHOK KUMAR
PEN : 385270
Administrative Assistant
NCC Directorate (K&L)
Thiruvananthapuram - 10